ഭരണഭാഷ - മാതൃഭാഷ

# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

(പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)

(ഹാജർ: യു.വി.ജോസ് ഐ എ എസ് (ഇൻ-ചാർജ്ജ്) )

നം.എൽ.ആർ.സി4-19615/2019 തീയതി: 07.06.2019

വിഷയം : കണ്ണൂർ ജില്ല -കൊട്ടവള്ളി റെയിൽ ഓവർ ബ്രിഡ്ജ നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നത് - സ്ഥലം ഉടമസ്ഥർക്കുള്ള ആർ.ആർ.പാക്കേജ് അംഗീകരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്

സൂചന : കണ്ണൂർ ജില്ലാ കളക്ടറുടെ 29.05.2019 ലെ DCKNR/9985/17/C3(3) നമ്പർ കത്ത്.

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ കൊട്ടവള്ളി ഓവർ ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഭൂഉടമകൾക്കുള്ള ആർ & ആർ പാക്കേജ് 19.12.2018 ലെ എൽ.ആർ.സി4-52678/2018 നമ്പർ നടപടിക്രമം പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അംഗീകരിച്ച് ഉത്തരവായിരുന്നു. ടി ഭൂമി ഏറ്റെടുക്കലിൽ ശ്രീമതി.കമല എന്നവരുടെ വീടിന്റെ ഭാഗം കൂടി ഉൾപ്പെടുന്നുണ്ട്. ടിയാളുടെ വീട് പ്രസ്തുത ഭൂമി ഏറ്റെടുക്കലിൽ നിന്നും ഒഴിവാക്കണമെന്ന് കാണിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(C)-41320/18 നമ്പറായി കേസ് ഫയൽ ചെയ്തിരുന്നു. ആയതിനാൽ ലാൻഡ് റവന്യൂ കമ്മീഷണർ അംഗീകരിച്ച പാക്കേജിൽ ശ്രീമതി.കമല ഉൾപ്പെട്ടിരുന്നില്ല. ടി കേസ് 06.02.2019-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി തള്ളി തീർപ്പാക്കിയിട്ടുള്ളതാണ്. ഭാഗികമായി വീട് ഏറ്റെടുക്കുന്നതിൽ വീടിന്റെ സുരക്ഷയെ ബാധിക്കുന്നതിനാൽ വീട് മുഴുവൻ ഏറ്റെടുത്ത് നഷ്ടപരിഹാരം അനുവദിക്കണമെന്ന് ശ്രീമതി.കമല ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്. ടിയാരിയുടെ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് 2013 ലെ RFCTLARR ആക്ട് വകുപ്പ് 11(1) പ്രകാരമുള്ള വിജ്ഞാപനം അസാധാരണ ഗസറ്റ് വാല്യം 7 നമ്പർ 1688 ൽ 23.06.2018 -ൽ പരസ്യപ്പെടുത്തിയിട്ടുള്ളതാണ്.

അഡ്മിനിസ്ട്രേറ്റർ തയ്യാറാക്കിയ പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള കരട് പാക്കേജ് കേരള കൗമുദി ദിനപത്രത്തിലും തലശ്ശേരി നഗരസഭയിലും, ജില്ലാ കളക്ടറുടെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് പൊതു വിചാരണ 29.05.2019-ൽ തലശ്ശേരി നഗരസഭയിൽ വച്ച് നടത്തിയിട്ടുള്ളതും തുടർന്ന് പ്രസ്തുത പാക്കേജ് ജില്ലാ കളക്ടറുടെ ശുപാർശ പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതുമാണ്. ടി പാക്കേജ് ലാൻഡ് റവന്യൂ കമ്മീഷണറുടെ അനുവാദ ഉത്തരവോടെ നൽകാവുന്നതാണെന്ന് അർത്ഥനാധികാരിയായ മാനേജിംഗ് ഡയറക്ടർ കേരള റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

എൽ.എ.ആർ.ആർ.ആക്ട് 2013 സെക്ഷൻ 44 പ്രകാരം 01.11.2015 ലെ ജി.ഒ(പി) 589/15/ആർഡി നമ്പർ ഉത്തരവ് പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുള്ള പാക്കേജ് അംഗീകരിക്കുന്നതിനുള്ള കമ്മീഷണറായി ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

ജില്ലാ കളക്ടർ ശിപാർശ ചെയ്ത പാക്കേജിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാധിക്കപ്പെട്ട വ്യക്തിയുടെ പേര് | പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുള്ള ആനുകൂല്യങ്ങൾ ജി.ഒ (എം.എസ്)448/17/ആർ ഡി തീയതി 29.12.2017 പ്രകാരമുള്ള ഘടകങ്ങൾ | തുക |
|---|---|---|---|
| 1. | ശ്രീമതി.കമല | 1, 5, 6, 10 | 4,60,000/- |

ജില്ലാ കളക്ടർ സമർപ്പിച്ച പുനരധിവാസപാക്കേജ് വിശദമായി പരിശോധിച്ചു. ആയതിൽ 2013-ലെ പൊന്നുംവില ചട്ടം 21 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുള്ളതായി കാണുന്നു. പൊതു ആവശ്യത്തിനായി ഭൂമി വിട്ട് നൽകിയവർക്ക് പുനരധിവാസ പാക്കേജ് നിയമപ്രകാരം നൽകേണ്ടതുണ്ട്. ശ്രീമതി.കമലയുടെ വീട് ഭാഗികമായി മാത്രമേ നഷ്ടപ്പെടുന്നുവെങ്കിലും വീടിന്റെയോ, കെട്ടിടത്തിന്റെയോ മുഴുവൻ ഭാഗവും ഏറ്റെടുക്കുന്നതിന് ഉടമ ആവശ്യപ്പെടുന്നപക്ഷം എൽ.എ.ആർ.ആർ ആക്ട് 2013 സെക്ഷൻ 94 പ്രകാരം മുഴുവനായും ഏറ്റെടുക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ ശ്രീമതി.കമലയ്ക്ക് ജില്ലാ കളക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ച 4,60,000/- രൂപയുടെ പാക്കേജ് അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു. പുനരധിവാസ പാക്കേജിനെ സംബന്ധിച്ച തുടർ നടപടികൾ അഡ്മിനിസ്ട്രേറ്റർ കൈക്കൊള്ളേണ്ടതും നടപടി വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

എൽ.എ.ആർ.ആർ ആക്ട് 2013 സെക്ഷൻ 18 പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അംഗീകരിക്കപ്പെട്ട സ്കീം പഞ്ചായത്ത്, മുനിസിപ്പൽ കോർപ്പറേഷനുകളിലും, ജില്ലാ കളക്ടർ, സബ് ഡിവിഷണൽ മജിസ്ട്രേട്ട്, തഹസീൽദാർ എന്നിവരുടെ ഓഫീസുകളിൽ പ്രാദേശിക ഭാഷയിൽ ലഭ്യമാക്കുന്നതിനും ബാധിക്കപ്പെട്ട പ്രദേശങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനും ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഒപ്പ്)
കമ്മീഷണർ.

പകർപ്പ് :

1. ജില്ലാ കളക്ടർ,
   കണ്ണൂർ.
2. അഡ്മിനിസ്ട്രേറ്റർ & ഡെപ്യൂട്ടി കളക്ടർ (എൽ.എ)
   കണ്ണൂർ.

ഉത്തരവിൻപ്രകാരം,

സൂപ്രണ്ട്.

T4